# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2447 17.08.2017 -ലെ മറുപടി

## തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിൽ പുലിമുട്ട് സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.എസ്.ശിവകുമാർ | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിൽ തീരപ്രദേശ സംരക്ഷണത്തിനായി പുലിമുട്ട് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;<br><br>(ബി) പൂന്തുറയിൽ പുലിമുട്ട് നിർമ്മാണം എത്രയും വേഗം യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ;<br><br>(സി) പ്രസ്തുത പ്രവൃത്തി എത്രയും വേഗം നടപ്പിലാക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ? | (എ) (ബി) (സി) പൂന്തുറയിൽ 8 പുലിമുട്ടുകളുടെ നിർമ്മാണത്തിന് 17/01/2009-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും 2010-ൽ പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അതിൽ 20 മീറ്ററിന്റെ ഒരു പുലിമുട്ട് പൂർണ്ണമായും ബാക്കിയുള്ളവ ഭാഗീകമായും കടൽ ക്ഷോഭത്താൽ നശിച്ചിരിക്കുകയാണ്. ആയതിന്റെ പുനരുദ്ധാരണത്തിനായി ഡി.എസ്.ആർ.2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കൂടാതെ കേരളത്തിലെ തീര പ്രദേശങ്ങളിൽ അനുയോജ്യമായ കടലാക്രമണ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഗവൺമെന്റ് തലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ നിർദ്ദേശവും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് പ്രവൃത്തി ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ